K23U 2130

Reg. No.: ..............................

Name : ..............................

**I Semester B.A. Degree (PVT REG – Reg./Supple./Imp.) Examination, November 2022**
**(2020 Admission Onwards)**
**ADDITIONAL COMMON COURSE IN MALAYALAM**
**1A07 MAL : കഥാമാതൃകകൾ**

Time : 3 Hours Max. Marks : 40

I. 4 ചോദ്യങ്ങളിൽ നിന്ന് 2 എണ്ണത്തിന് 300 വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

1) നാടകത്തിലൂടെ മാത്രമല്ല ചെറുകഥകളിലൂടെയും വി. ടി. അന്തർജനങ്ങൾ കടന്നുപോകേണ്ടിവന്ന ദുരവസ്ഥകൾ വെളിപ്പെടുത്തി. 'ഉത്തരം കിട്ടാത്ത ചോദ്യം' എന്ന ചെറുകഥയെ ആസ്പദമാക്കി വിവരിക്കുക.

2) മാധവിക്കുട്ടിയുടെ കഥകൾ സ്ത്രൈണസത്തയുടെ അഗാധതലങ്ങൾ ആവിഷ്കരിക്കുന്നവയാണ്. 'തരിശുനില'ത്തെ ആസ്പദമാക്കി ചർച്ച ചെയ്യുക.

3) പാർശ്വവത്കൃതരും മുഖ്യധാരാജനതയും സ്വയം പരിഷ്കരിക്കാൻ തയ്യാറാവണമെന്ന് 'സരസ്വതീവിജയം' ബോധ്യപ്പെടുത്തുന്നുണ്ടോ ? വിശകലനം ചെയ്യുക.

4) അധികാരത്തിനും കീഴാളതയ്ക്കുമിടയിൽ ഞെരിപിരികൊള്ളുന്ന ധർമപാലന്റെ സ്വത്വസംഘർഷങ്ങളുടെ യഥാതഥ ചിത്രീകരണമാണ് 'നൂറു സിംഹാസനങ്ങൾ'. – നിരൂപിക്കുക. **(2×7=14)**

II. 6 ചോദ്യങ്ങളിൽ നിന്ന് 4 എണ്ണത്തിന് 150 വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

5) 'അയ്യോ, മദിരാശി എന്ന് പറയുമ്പഴ് തന്നെ എനിക്ക് ഭയമാകുന്നു'.– വക്താവിനെ ഇങ്ങനെ പറയാൻ പ്രേരിപ്പിച്ച സംഭവം വിവരിക്കുക.

6) 'ഇപ്പോൾ എനിക്കാരേം പേടിയില്ല. ഞാനല്ലാതെ ആരെങ്കിലും ഉണ്ടെന്നുതന്നെ എനിക്കു വിചാരമില്ല.' സൂചിതം വ്യക്തമാക്കുക.

7) 'ഈ വിറ തണുപ്പു കൊണ്ടല്ല. ഒരു രാജ്യത്തിനു മുഴുവൻ ബാധിച്ച പനിക്കോളിൽ എനിക്ക് കിട്ടിയ വിഹിതമാണ്.' – സന്ദർഭം വ്യക്തമാക്കുക.

P.T.O.



8) 'ജേതാവിനാൽ വലിച്ചെറിയപ്പെട്ട മണ്ണ് ലങ്കയാണ്. സീതയും ലങ്കയും ഒന്നു തന്നെയാണ്.' കഥയുടെ ആന്തരികതലത്തിലേക്ക് ഈ വാക്യങ്ങൾ വിരൽ ചൂണ്ടുന്നതെങ്ങനെ ?

9) സ്നേഹവും വെറുപ്പും ഇടകലർന്നൊരു ബന്ധമാണ് ധർമപാലന് അമ്മയോടു ണ്ടായിരുന്നത്. – വിവരിക്കുക.

10) അപ്പുക്കിളി എന്ന കഥാപാത്രത്തെ പരിചയപ്പെടുത്തുക. **(4×3=12)**

III. 6 ചോദ്യങ്ങളിൽനിന്ന് 4 എണ്ണത്തിന് 100 വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

11) 'ഈ പറഞ്ഞിരുന്ന നേരത്ത് ഇതു വരച്ചത് അത്ഭുതം തന്നെ.' സൂചിതം വ്യക്തമാക്കുക.

12) 'നിനക്ക് ഭ്രാന്താണ്. നീ പറയുന്നതിന്റെ അർഥം ആർക്കും മനസ്സിലാവില്ല.' – സൂചിതം വ്യക്തമാക്കുക.

13) കല്പന കല്പനപോലെ നിറവേറ്റപ്പെടണം. 'വിഭീഷണൻ പിറുപിറുത്തു' – ആശയം വ്യക്തമാക്കുക.

14) 'ആ ഫോട്ടോ അവിടെ വെക്കണമെന്നുണ്ടോ ?' – സൂചിതം വ്യക്തമാക്കുക.

15) സിവിൽ സർവീസ് ഇന്റർവ്യൂ ബോർഡിന്റെ പ്രധാനചോദ്യവും അതിനു ധർമപാലൻ നൽകുന്ന മറുപടിയും സംഗ്രഹിക്കുക.

16) 'അങ്ങനെ നീ ചരിത്രത്തിൽ സ്ഥാനം പിടിച്ചുകഴിഞ്ഞു ചേതു.' – സൂചിതം വ്യക്തമാക്കുക. **(4×2=8)**

IV. 6 ചോദ്യങ്ങളിൽ നിന്ന് 4 എണ്ണത്തിന് ചെറുകുറിപ്പുകൾ തയ്യാറാക്കുക.

17) കാരൂർ നീലകണ്ഠപ്പിള്ള.

18) സാറാ ജോസഫിന്റെ രാമായണകഥകൾ.

19) ഒരു തെരുവിന്റെ കഥ.

20) ഖസാക്കിന്റെ ഇതിഹാസം.

21) പാട്ടുപാടിയ കുറ്റത്തിന് മരത്തനും കുടുംബത്തിനും കുബേരൻ നമ്പൂതിരി വിധിച്ച ശിക്ഷയെന്ത് ?

22) ധർമപാലന്റെ അമ്മയ്ക്ക് സുധയോട് ഉണ്ടായിരുന്ന മനോഭാവം വ്യക്തമാക്കുക. **(4×1½=6)**

______________________